ഉത്തരം

(എ) അഞ്ചുമാസത്തിനകം 1975-ലെ പട്ടികവർഗ്ഗ ഭൂനിയമം നടപ്പിലാക്കുന്നതിനും, 1999 ലെ പുതിയ നിയമത്തിലെ 5,6,7 വകുപ്പുകൾ സ്റ്റേ ചെയ്തുകൊണ്ടും ഹൈക്കോടതി രണ്ട് വിധികൾ പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു.

(ബി) വിധിയുടെ പകർപ്പുകൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.†

(സി) ഉണ്ട്.

(ഡി) പുതിയ നിയമത്തിലെ 5,6,7 വകുപ്പുകൾ സ്റ്റേ ചെയ്തുകൊണ്ടുള്ള ഹൈക്കോടതിയുടെ 11/10/99 ലെ വിധി സ്റ്റേ ചെയ്തുകൊണ്ടുള്ള സുപ്രീം കോടതിയുടെ ഉത്തരവിന്റെയും 16/12/99 ലെ ഹൈക്കോടതി ഉത്തരവ് സ്റ്റേ ചെയ്തിട്ടുണ്ടെന്ന് അറിയിച്ചുകൊണ്ടുള്ള അഡ്വക്കേറ്റ് ജനറലിന്റെ സന്ദേശത്തിന്റെ പകർപ്പും അനുബന്ധം രണ്ടായി ചേർത്തിട്ടുണ്ട്.†

(ഇ) പുതിയ നിയമത്തിലെ 5,6,7 വകുപ്പുകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പുതിയ താലൂക്കുകൾ രൂപീകരിക്കാൻ നടപടി

53 (1398)ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് പുതുതായി താലൂക്കുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പുതിയ താലൂക്കുകൾ ഏതൊക്കെയായിരിക്കും എന്ന് വിശദീകരിക്കുമോ;

(സി) പുതിയ താലൂക്കുകൾ പരിഗണിക്കുമ്പോൾ ഹോസ്ദുർഗ്ഗ് താലൂക്ക് വിഭജിച്ച് മലയോര താലൂക്ക് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ)-(സി) റവന്യൂ യൂണിറ്റുകൾ പുനഃസംഘടിപ്പിക്കുന്ന കാര്യത്തിൽ നിയോഗിച്ച കമ്മീഷനുകൾ സമർപ്പിച്ച റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനമെടുത്തിട്ടില്ല.

സെൻസസ് പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നതിനാൽ 2001 മാർച്ചു വരെ അതിർത്തി വ്യതിയാനങ്ങൾ പാടില്ലെന്ന് സെൻസസ് ഡയറക്ടർ ജനറൽ നിർദ്ദേശിച്ചിരിക്കുന്നതുകൊണ്ട് ഇക്കാര്യത്തിൽ ഉടനെ തീരുമാനമെടുക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

റവന്യൂ കാർഡ് വിതരണം

54 (1399)ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

---

† അനുബന്ധം II ക്ഷ II A

†

LIBRARY ARCHIVES Kerala Legislative Assembly